കാരുണ്യ ഫാർമസികൾ

13(*73) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീമതി കെ. കെ. രമ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമാർക്കറ്റിൽ മരുന്നുവില വളരെ ഉയരാൻ കാരണം സർക്കാർ ആശുപത്രികളിൽ ആവശ്യത്തിനു മരുന്നില്ലാത്തതും കാരുണ്യ ഫാർമസികൾ ആവശ്യാനുസരണം സ്ഥാപിച്ച് വില നിയന്ത്രണം സാദ്ധ്യമാക്കാത്തതുമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഫാർമസി സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഉണ്ടെങ്കിൽ മറ്റു ചെലവില്ലാതെ കുറഞ്ഞ വിലയ്ക്ക് മരുന്നു ലഭ്യമാക്കാമെന്നിരിക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളിലും സ്ഥലം ലഭ്യമാക്കി കാരുണ്യ ഫാർമസി തുടങ്ങുവാൻ എന്തെങ്കിലും തടസ്സമുണ്ടോ;

(സി) കാൻസർ പോലുള്ള രോഗങ്ങൾക്കുള്ള മരുന്നുകൾക്ക് പരമാവധി വിൽപ്പനവില രേഖപ്പെടുത്തി രോഗികളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാൻസർ രോഗത്തിനുള്ള ആഡ്‌ലി ഹോർമുദോഷൻസ് കമ്പനി നിർമ്മിക്കുന്ന കാരുണ്യ ഫാർമസികളിൽ 1007 രൂപയ്ക്ക് വിൽക്കുന്ന മരുന്നിന് പരമാവധി വിലയായി 16,500, 455 രൂപയുടെ മരുന്നിന് 4400, 705 രൂപയുടെ മരുന്നിന് 14750, 739 രൂപയുടെ മരുന്നിന് 10,100 തുടങ്ങിയ രീതിയിൽ രേഖപ്പെടുത്തി രോഗികളെ കൊള്ളയടിക്കുന്നത് നിയന്ത്രിക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഇ) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ഉൾപ്പെടെ ചേരുവനാമം (ജനറിക് നെയിം) ഉപയോഗിക്കാതെ ബ്രാൻഡ് പേരിൽ മരുന്നു കുറിക്കുന്നതിന്റെ പിന്നിലുള്ള രാഷ്ട്രീയം കർശനമായി നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എങ്ങനെ നടപ്പാക്കുമെന്ന് അറിയിക്കാമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) പൊതുവിപണിയിൽ മരുന്നുവില ഉയരുന്നതുമായി ബന്ധപ്പെട്ട് സാധാരണക്കാർക്ക് പ്രതിസന്ധി വർദ്ധിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് 85 തരം മരുന്നുകൾ മെഡിക്കൽ കോളേജുകൾ മുതൽ പ്രാഥമികാരോഗ്യ കേന്ദ്രം വരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യ സ്തംഭനവഴി ആവശ്യാനുസരണം വാങ്ങി വിതരണം ചെയ്യുവരുന്നു. തുടർന്നു സാമ്പത്തിക വർഷത്തിൽ സൗജന്യ മരുന്നുവിതരണം ഏകോപിപ്പിക്കുന്നതിനായി 300 കോടി രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് അനുവദിക്കുകയും 2-2-2016 വരെ 270 കോടി രൂപയുടെ മരുന്നുകൾ ആവശ്യാനുസരണം ആരോഗ്യ സ്ഥാപനങ്ങൾക്ക് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടർ ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയക്ടർ ക്രോഡീകരിച്ച് നൽകിയിട്ടുള്ള ഇൻഡന്റ് പ്രകാരം തുടർച്ചയായി മരുന്നുവിതരണം ഏകോപിപ്പിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് കഴിഞ്ഞിട്ടുണ്ട്.

ആളോഹരി ചികിത്സാ ചെലവ് വളരെയധികം ഉയരുന്നതിന് കാരണമാകുന്ന കാൻസർ, ജീവിതശൈലി രോഗങ്ങൾ പോലുള്ള ആരോഗ്യ പ്രശ്നങ്ങളുടെ ചികിത്സയ്ക്ക് അവശ്യമരുന്നുകളുടെ പട്ടികയിൽപ്പെടാത്ത മരുന്നുകൾ ആവശ്യമായി വരാറുണ്ട്. പൊതുവിപണിയിൽ ഇത്തരം മരുന്നുകൾക്ക് ഉയർന്ന വിലനൽകേണ്ടിവരുന്നതിനാൽ സാധാരണക്കാരനെ മരുന്ന് മാഫിയയുടെ പിടിയിൽ നിന്ന് രക്ഷിക്കുന്നതിനു വേണ്ടിയാണ് കേരള സർക്കാർ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്ന സ്ഥാപനം ആരംഭിച്ചിട്ടുള്ളത്. ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് മരുന്ന് കമ്പനികളിൽനിന്നും നേരിട്ട് വിലപേശിവിലയിട മരുന്ന് സംഭരിക്കുകവഴി പൊതുവിപണിയിൽ ഉയർന്ന വിലനൽകേണ്ടിവരുന്ന കാൻസർ രോഗത്തിനുള്ള മരുന്നുകൾപോലും വളരെ കുറഞ്ഞ വിലയ്ക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തുടനീളം 42 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിച്ചുകഴിഞ്ഞു. ഇങ്ങനെ സാധാരണക്കാരന് പരമാവധി ചികിത്സാ ചെലവ് കുറയ്ക്കാനുതകുന്ന തരത്തിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തന വിപുലീകരണമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്.

(ബി) സർക്കാരിന്റെ കാലോചിതമായിട്ടുള്ള ഇടപെടലുകൾക്കനുസൃതമായി 42 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളാണ് നിലവിൽ പ്രവർത്തനക്ഷമമായിരിക്കുന്നത്. 9 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾകൂടി ശൃഖലാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ ഏകോപിപ്പിച്ചു വരുന്നു. നിലവിൽ മെഡിക്കൽ കോളേജുകൾ, സർവം ലഭ്യമായിട്ടുള്ള ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്കാശുപത്രികൾ, കുടുംബാരോഗ്യകേന്ദ്രം, വലിയതുറ തീരദേശ സ്പെഷ്യാലിറ്റി ആശുപത്രി

LIBRARY ARCHIVES Kerala Legislative Assembly

എന്നിവിടങ്ങളിലാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നത്. പടിപടിയായി ടി സംരംഭം കിഴ്ഘടക സ്ഥാപന പരിധിയിലേക്ക് സാദ്ധ്യതാ പഠനത്തിനുശേഷം നടപ്പിൽ വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഹൃദ്രോഗം, പ്രമേഹം, വൃക്ക സംബന്ധമായ രോഗങ്ങൾ എന്നിവയ്ക്ക് പൊതു വിപണിയിൽ സുലഭമായ മരുന്നുകളെവച്ച് താരതമ്യം ചെയ്യുമ്പോൾ കാൻസർ പോലുള്ള രോഗങ്ങൾക്കുള്ള മരുന്നുകൾക്ക് താരതമ്യേന വില കൂടുതലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മരുന്നുകളുടെ വിലനിയന്ത്രണം നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസ് കണ്ട്രോൾ അതോറിറ്റിയുടെ കീഴിലായതിനാൽ സംസ്ഥാന സർക്കാരിന് വില നിയന്ത്രണത്തിൽ കാര്യമായ ഇടപെടൽ സാദ്ധ്യമല്ലാത്ത സാഹചര്യമാണുള്ളത്. വില നിയന്ത്രണ പട്ടികയിൽ വരാത്ത മരുന്നുകൾക്ക് സാധാരണ രീതിയിൽ മരുന്ന് കമ്പനികളാണ് പൊതുവിപണിയിലെ വില നിശ്ചയിക്കുന്നത്. എന്നാൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലെ 20% മുതൽ 93% വരെ വിലക്കുറവിൽ മരുന്നുകൾ നൽകുന്ന സ്ഥാപനങ്ങൾക്ക് പൊതുവിപണിയിലെ ചൂഷണം തടയാൻ സാധിച്ചിട്ടുണ്ട്. പൊതുവിപണിയിൽ ഉയർന്ന വില നൽകേണ്ടി വരുന്ന അർബുദ ചികിത്സയ്ക്കുള്ള മരുന്നുകൾപോലും വളരെ കുറഞ്ഞവിലയ്ക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കലോചിതമായിട്ടുള്ള മരുന്ന പട്ടികയുടെ സൂക്ഷ്മ വിശകലനത്തിലൂടെയും ഉയർന്ന ചികിത്സാ ബാധ്യതയുണ്ടാക്കുന്ന മരുന്നുകളുടെ ശേഖരണത്തിൽ പുലർത്തുന്ന ജാഗ്രതയിലൂടെയും ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് മരുന്ന കമ്പനികളിൽ നിന്ന് നേരിട്ട് വിലപേശലിലൂടെ മരുന്ന് സംഭരിക്കുക വഴി മരുന്ന് കമ്പനികളുടെ അമിതലാഭവും ഇടനിലക്കാരുടെ ചൂഷണവും ഒരു പരിധിവരെയും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) ജനറിക് നാമത്തിൽ മരുന്നുകൾ എഴുതണമെന്ന സർക്കാർ നിർദ്ദേശം നിലവിലുണ്ട്. (Circular No.13305/F1/2015/H&FWD dated 27-11-2015). ഡോക്ടർമാർ പൂർണ്ണമായും ഈ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്. പൊതുജനാരോഗ്യ സംവിധാനത്തിൽ പരമാവധി ജനറിക് മരുന്നുകൾ കുറിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി പ്രിസ്ക്രിപ്ഷൻ ഓഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസുടെ കീഴിലുള്ള സ്റ്റോർ വെരിഫിക്കേഷൻ ടീം അപ്രതീക്ഷിത സന്ദർശനങ്ങളിലൂടെ ബ്രാന്റഡ് മരുന്നുകളുടെ കുറിപ്പടികളുടെ അതിപ്രസരം പരിശോധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly